മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഫ ഫ ഫ-ൽ ഫ ന്യ ഫ എണ്ണം റജിസ്ട്രു ചെയ്തിട്ടുണ്ട് എന്നു കാണുന്നുണ്ടല്ലൊ. ഇതിൽ എത്ര എണ്ണം അധ:പതിച്ചുപോയി എന്നുള്ളതറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടിസ്സു് വേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഫ ഫ ഫ-വരെ റജിസ്ട്രു ചെയ്ത എത്ര സഹകരണ സംഘങ്ങളാ ഉണ്ട്; അതിൽ എത്ര എണ്ണം അധഃപതിച്ചുപോയി, അതുകൊണ്ടു ഗവണ്മെണ്ടിനു എത്ര സംഖ്യ നഷ്ടം വന്നിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : നോട്ടിസ്സു് വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഇക്കൊല്ലം ഫന്ന ഫ എണ്ണം റജിസ്ട്രു ചെയ്തിട്ടുണ്ടല്ലൊ, ഇതിൽ മാൻട്ടി പർപ്പസ്സു് കൊ-ഓപ്പറേറീവ് സൊസൈറ്റി വല്ലതുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഫ ഫ ഫ-ൽ സംഘം റജിസ്ട്രു ചെയ്യാനായി കിട്ടിയിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം നിരസിച്ചിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സു് വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ഈ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ റേഷൻ ഷാപ്പുകൾ എല്ലിക്കുന്നതു് നന്നായിരിക്കുമെന്നറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : എല്ലാ സംഘങ്ങൾക്കും റേഷൻഷാപ്പു് എല്ലിച്ചുകൊടുക്കുന്നതു ശരിയായിരിക്കുകയില്ല. അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു കൂലങ്കഷമായ അന്വേഷണം നടത്തി, തൃപ്തിപ്പെട്ടശേഷം മാത്രമേ, അതു എല്ലിച്ചുകൊടുക്കാൻ നിവർത്തിയുള്ളു. അതുപ്രകാരമായ പ്രവർത്തനം നടത്തുന്ന സംഘങ്ങൾക്കു് റേഷൻ ഷാപ്പുകൾ എല്ലിച്ചുകൊടുക്കുക സാധ്യമല്ല.

മിസ്റ്റർ പി. നാരായണമേനോൻ : ഫ ഫ ഫ-ൽ ഇത്രയും സംഘങ്ങൾ റജിസ്ട്രു ചെയ്തതിനു് ശേഷം റേഷൻ ഷാപ്പുകൾ അനുവദിച്ചു കൊടുക്കാത്തതുകൊണ്ടു് വർത്തനം ഇല്ലെന്നു വച്ചിട്ടുള്ള വല്ല സംഘങ്ങളുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : നോട്ടീസ്സു് വേണം.

BOAT SERVICE—RESUMPTION BY GOVERNMENT

171. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

സംസ്ഥാനത്തുള്ള ബോട്ടുസർവ്വീസുകൾ എല്ലാം ഗവർമ്മെണ്ടിൽനിന്നു് ഏറ്റെടുത്തു നേരിട്ടു നടത്തുന്നതിനെക്കുറിച്ചു ഗവർമ്മെണ്ടു് ആലോചിക്കുന്നുണ്ടോ ?

റാവുസാഹിബു് കെ. അയ്യപ്പൻ : നടത്തണോ വേണ്ടയൊ എന്നു ആലോചന നടത്തുന്നുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ : ഈ ആലോചന തുടങ്ങിയിട്ടു എത്രകാലമായി?

റാവുസാഹിബു് കെ. അയ്യപ്പൻ : ആലോചന തുടങ്ങിയിട്ടു ഏതാണ്ടു മാസമായി. ഒരു എക്സപ്പർട്ടിനെ കിട്ടാനുള്ള ബുദ്ധിമുട്ടുണ്ടു്. ഫൈനബാദിലെ ഗവർമ്മേണ്ടിനോടു ഒരാളെ അയച്ചുതരണമെന്നു ആവശ്യപ്പെട്ടപ്പോൾ അങ്ങിനെ ഒരാളെ അയച്ചുതരാൻ നിവർത്തിയില്ലാ, ഇവിടെനിന്നും ഒരാളെ അയക്കുകയാണെങ്കിൽ അവിടെ സാഗതികം പഠിക്കാനുള്ള എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുക്കാം എന്നാണു പറഞ്ഞതു. ആ കാര്യത്തെപ്പറ്റി ആലോചിച്ചു വരുകയാണു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഈ കാര്യത്തിൽ ഒരു വിദഗ്ദ്ധന്റെ ആവശ്യമെന്താണുള്ളതു്?

റാവുസാഹിബു് കെ. അയ്യപ്പൻ : ഇതിനെപ്പറ്റി പല സംഗതികളും ആലോചിക്കാനുണ്ടു്. തിരുവിതാംകൂറിൽ ട്രാസ്പോർട്ടു് ഗവർമ്മേണ്ടു് വകയാക്കിയപ്പോൾ പുറത്തുനിന്നു ഒരു വിദഗ്ധനെ കൊണ്ടുവരികയുണ്ടായി.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ബോട്ടുസർവ്വീസ്സു് നടത്തുന്നതിനു് ഡ്രൈവർമാരും മറ്റുമല്ലേ ആവശ്യം. വിദഗ്ധന്റെ ആവശ്യമെന്താണെന്നു് മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ : ഇതു നാഷനലയിസ്സ് ചെയ്യാനാണ് ഉദ്ദേശിക്കുന്നതു. ഇതോടൊടി, റോഡ് ട്രാൻസ്പോർട്ടും കൂടി നാഷനലയിസ്സ് ചെയ്യണമെന്നാണു് ഉദ്ദേശം. എന്നാൽ ഈ കാര്യങ്ങളിൽ ഗവമ്മേണ്ടിനു കുറച്ചു പരിഭ്രമമുണ്ടു്. ഹൈദ്രാബാദിൽ ഇതു ഒരു വിധം ഭംഗിയായി നടക്കുന്നുണ്ടെന്നാണു് അറിയുന്നതു്. അവിടേക്കു ഒരാളെ അയച്ചു് സൈയിനിങ്ങു് നടത്തിയതിനു് ശേഷം ഇതു നടപ്പിൽ വരുത്തണമെന്നാണു് വിചാരിക്കുന്നതു്. ഈ വിഷയത്തെക്കുറിച്ചു് ആലോചനയിൽ ഇരിക്കുകയാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ : ആ ആലോചന ഒന്നു് ത്വരിതഗതിയിലാക്കിയാൽ കൊള്ളാം.

റാവുബഹദൂർ ടി. കെ. നായർ : ഈ കാര്യം വളരെ അധികം ശ്രദ്ധിക്കുന്നുണ്ടു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : ഇതിനെ അടിസ്ഥാനമാക്കി വല്ലസ്കീമും പുറത്തുനിന്നു് ആരെങ്കിലും അയച്ചുതരുകയുണ്ടായോ?

റാവുബഹദൂർ ടി. കെ. നായർ : പലയാളുകളും അയച്ചിട്ടുണ്ടു്. അതെല്ലാം അംഗീകരിച്ചു നടത്താൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : ഈ കാര്യത്തിൽ ഗവമ്മേണ്ടിനു് പരിഭ്രമമുണ്ടെന്നു് പറഞ്ഞുവല്ലൊ, എന്താണതു്?

റാവുബഹദൂർ ടി. കെ. നായർ : പരിഭ്രമത്തിനു കാരണമുണ്ടു്. പലകാര്യങ്ങളും ഗവമ്മേണ്ടു് ഇവിടെ ഏറെറടുത്തു നടത്തിയിട്ടു നഷ്ടത്തിലാണു് കലാശിച്ചിട്ടുള്ളതു്. അതുകൊണ്ടു പല കാര്യങ്ങളും ആലോചിച്ചുതിനു ശേഷമേ ഇതിൽ പ്രവർത്തിക്കാൻ നിവൃത്തിയുള്ളു.

മിസ്റ്റർ പാറമേൽ ഐപ്പ് : ഐപ്പ് ; ഇവിടത്തെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെണ്ടിനെക്കൊണ്ടു ഒരു സ്കീം തയാറാക്കിച്ചു നടപ്പിൽ വരുത്താൻ ശ്രമിക്കുക. അതിൽ വിഷമമുണ്ടെന്നു കാണുന്നപക്ഷം മാത്രംപോരെ, ഒരാളെ പുറത്തേക്കു് അയച്ചു പഠിപ്പിയ്ക്കൽ?

റാവുബഹദൂർ ടി. കെ. നായർ : അതിനു് വിരോധമില്ല. പക്ഷെ ഇതു നടത്തി, പരിചയമുള്ളസ്ഥലത്തു് ഒരാളെ പറഞ്ഞയച്ചു് അവിടത്തെ കാര്യങ്ങളും പഠിച്ചു് ഇവിടെ പ്രവർത്തിപ്പിക്കുകയാണെങ്കിൽ കുറച്ചുകൂടി കാര്യക്ഷമമായി നടത്താം എന്നാണു് എന്റെ അഭിപ്രായം.

മിസിസ്സ് കെ. എം. ജോർ. മേനോൻ : ഒരു ആളെ അയച്ചാൽ എത്രകാലത്തെ പഠിപ്പു് വേണ്ടിവരും?

റാവുബഹദൂർ ടി. കെ. നായർ : മൂന്നോ, നാലോ, ആഴ്ചയേ വേണ്ടിവരുകയുള്ളു.

മിസ്റ്റർ. കെ. ബാലകൃഷ്ണമേനോൻ : നാഷനലൈസേഷൻ വേണമെന്നു് ഗവമ്മേണ്ടു് തീരുമാനിച്ചുകഴിഞ്ഞോ?

റാവുബഹദൂർ ടി. കെ. നായർ : വേണമെന്നാണു് ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നതു്.

മിസ്റ്റർ. പി. ടി. ജേക്കബ്ബ് : പുറത്തുനിന്നു് പലരും സ്കീമുകൾ അയച്ചിട്ടുണ്ടു് എന്നു പറഞ്ഞു. അതിൽ നല്ല സ്കീം വല്ലതുമുണ്ടെങ്കിൽ അതിനെപ്പററി ആലോചന നടത്തുന്നതേ?

റാവുബഹദൂർ ടി. കെ. നായർ : നാലഞ്ചാളുകൾ ഓരോസ്കീം അയച്ചിട്ടുണ്ടു്.

മിസ്റ്റർ. പി. ടി. ജേക്കബ്ബ് : റയിൽവെ സ്റ്റീസിൽനിന്നു് റിട്ടയർ ചെയ്തിട്ടുള്ള അഗസ്റ്റിൻ എന്നൊരാൾ ഒരു സ്കീം അയച്ചിട്ടില്ലേ?

റാവുബഹദൂർ ടി. കെ. നായർ : ഉവ്വു്.

മിസ്റ്റർ. പി. ടി. ജേക്കബ്ബ് : വളരെ കൃത്യമായി ട്രാൻസ്പോർട്ടു് നടത്തിയിരുന്ന, ഉത്തരവാദിത്വമുള്ള സ്ഥാനത്തിൽ ഇരുന്നു നല്ല പരിചയമുള്ള, അദ്ദേഹത്തിന്റെ സ്കീമിനെ സംബന്ധിച്ചു് ഗവമ്മേണ്ടിനു് ആലോചന നടത്താൻ എന്താണു് വിരോധം?

റാവുബഹദൂർ ടി. കെ. നായർ : അദ്ദേഹത്തിന്റെയും വേറെ പലരുടെയും സ്കീമുകൾ ഉണ്ടു്. അദ്ദേഹത്തിന്റെ സ്കീം വളരെ നല്ലതായിരിയ്ക്കാം. അതിനെപ്പററിയൊക്കെ നോക്കാൻ വേണ്ടിയാണു് ഒരാളെ പുറത്തയച്ചു് പരിശീലനം നടത്താൻ ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : ഹൈദ്രബാദിലേക്കു് ആരെയാണു് അയക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ : തീച്ചയാക്കീട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. തോമക്കുട്ടി: പുണ്ണോത്തരവാദ ഭരണത്തിനു് വെമ്പുന്ന കൊച്ചിയിൽ പുറമേനിന്നു് ഒരു വിദഗ്ധനെ കൊണ്ടുവന്നിട്ടുവേണോ ഇവിടത്തെ കായ്യം നടത്താൻ?

റാവുബഹദൂർ ടി. കെ. നായർ: പുണ്ണോത്തരവാദഭരണവും നാഷനലൈസേഷൻ ആഫ് ട്രാൻസ്പോർട്ടും രണ്ടും, രണ്ടാണു്. ഉത്തരവാദഭരണം നടത്താൻ ഇവിടെയുള്ള ആളുകൾ മിടുക്കന്മാരാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. എന്നാൽ നാഷനലൈസേഷൻ ആഫ് ട്രാൻസ്പോർട്ട് നടത്തുന്നതിനു് ഉള്ള യോഗ്യത ഞങ്ങൾക്കു് സിദ്ധിച്ചിട്ടില്ല.

മിസിസ്സ് കെ. എം. ആർ. മേനോൻ: ഈ നാഷനലൈസേഷൻ ഫ്രം ടോപ്പിൽ നടത്തുമോ?

റാവുബഹദൂർ ടി. കെ. നായർ: ഇതിനു് ശരിയായ ഉത്തരം പറയാൻ ഇപ്പോൾ നിവർത്തിയില്ല.

OFFICE OF THE DIRECTOR OF PUBLICITY—WINDING UP OF

172. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമെന്റു ദയവു മറുപടി പറയുമോ.—

(എ) പബ്ലിസിറ്റി ഡയറക്ടരുടെ ആഫീസ് നിവർത്തലാക്കിയപ്പോൾ അവിടെയുണ്ടായിരുന്ന ജോലിക്കാരെ എതു വകുപ്പിലേക്കാണു മാറ്റിയതു്;

(ബി) പബ്ലിസിറ്റി വാൻ, റേഡിയോ, സിനിമാ പ്രൊജക്ടർ മുതലായവ ഇപ്പോൾ എന്താവശ്യത്തിനായി വിനിയോഗിക്കപ്പെടുന്നു?

റാവുസാഹിബു് എ. മാധവപ്രഭു:

(എ) താഴെ പറയുന്നവരെ ഡയറക്ടർ ഓഫ് പബ്ലിസിറ്റി ആൻറ് ഇൻഫർമേഷൻ വകുപ്പിലേക്കു മാറ്റി. (എ) ഡ്രൈവർ, (ബി) ഓപ്പറേറ്റർ, (സി) സൂപ്പർവൈസർ, (ഡി) ക്ലീനർ.

അക്കൌണ്ടൻറ് (ഹെഡ് ക്ലാർക്കിന്റെ ജോലിക്കൂടി ചെയ്യുന്നതു്)	എ	ഇവരെ ഡയറക്ടർ ഓഫ് പബ്ലിക്ക് ലൈബ്രറീസിന്റെ ആപ്പീസിലേക്കു മാറ്റി
ക്ലാർക്കു്	ബി	
ടൈപ്പിസ്റ്റ് ക്ലാർക്കു്	എ	
ശിപായിമാർ	ഇ	

(ബി) വാൻ സിനിമ കാണിക്കുവാനും ഫസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ തകരപ്പാട്ടകളിൽ വരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ (Tinned food stuffs) പല ഭാഗങ്ങളിൽ കൊണ്ടുപോയി വില്ക്കുന്നതിനും മറ്റു ഡിപ്പാർട്ടുമെണ്ടുകളിലെ ആവശ്യത്തിനായും ഉപയോഗിക്കുന്നു.

റേഡിയോ രണ്ടെണ്ണമുള്ളതിൽ ഒന്നു കേടായതുകൊണ്ടു ഉപയോഗിക്കുന്നില്ല. നല്ല റേഡിയോ പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിലേക്കു കൊടുത്തിട്ടുണ്ടു്. സിനിമാ പ്രൊജക്ടർ സിനിമ കാണിക്കുന്നതിനായി ഉപയോഗിക്കുന്നു.

മിസ്റ്റർ പി. കെ. ഡീവർ: വാൻ, വേറൊരു ഡിപ്പാർട്ടുമെണ്ടിലേയ്ക്കു് അതിലെ ഡ്രൈവറേയും മറ്റും പബ്ലിസിറ്റി ഡിപ്പാർട്ടുമെണ്ടിയ്ക്കു കൊടുത്തു എന്നു പറയുന്നു, വാൻ ഇല്ലാതെ ഇവരെ പബ്ലിസിറ്റിഡിപ്പാർട്ടുമെണ്ടിലേയ്ക്കു് കൊടുത്തതിന്റെ ഉദ്ദേശ മെന്താണു്?

റാവുസാഹിബു് എ. മാധവപ്രഭു: ആ ഡിപ്പാർട്ടുമെണ്ടിൽ അവക്കു് വെറെവല്ല ജോലിയും ഉണ്ടായിരിയ്ക്കാം.

മിസ്റ്റർ കെ. എ. രാഘവൻ: പബ്ലിസിറ്റി ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരെ എതു വകുപ്പിലേയ്ക്കു് മാറ്റണമെന്നാണു് ആദ്യം നിശ്ചയിച്ചതു്?

റാവുസാഹിബു് എ. മാധവപ്രഭു: നോട്ടീസ് വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഡയറക്ടർ ആഫ് പബ്ലിക്കു് ലൈബ്രറീസിന്റെ ആപ്പീസിൽ 8 ശിപായിമാർ ഉണ്ടെന്നു കാണുന്നു. ഇതേ തോതിൽ ആണോ എല്ലാ ആപ്പീസിലെയും ശിപായിമാരുടെ എണ്ണം?

മിസിസ്സ് കെ. എം. ആർ. മേനോൻ: കേടുവന്ന റേഡിയോ നന്നാക്കാതെവച്ചുകൊണ്ടിരിക്കുന്നതെന്താണു്? ഇപ്പോൾ ഉള്ള റേഡിയോ എന്തു ചെയ്യുന്നു?

LIBRARY ARCHIVES Kerala Legislative Assembly